**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1934** **04-02-2026 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | കൂത്തുപറമ്പ് മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>1. കൂത്തുപറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 12.10.2022-ലെ സ.ഉ.(സാധാ.) നം.258/2022/ കാ.യു.വ. പ്രകാരം 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. 17.10.2023 തീയ്യതിയിൽ ദർഘാസ് ക്ഷണിക്കുകയും, ആയതിൽ യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സി.എൽ. മുഹമ്മദ് ഹനീഫ്, കാസർകോഡ് എന്ന കരാറുകാരനുമായി 20.01.2024 തീയ്യതിയിൽ 4,29,55,589/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ടി പദ്ധതിയിൽ പ്രധാനമായും ഇൻഡോർ സ്റ്റേഡിയം, റീട്ടൈനിംഗ് വാൾ, ഇൻഡോർ സ്റ്റേഡിയത്തിലേക്കുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിൽ 90% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 ഫെബ്രുവരി മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br><br>2. കൂത്തുപറമ്പ് മണ്ഡലത്തിലെ ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 04.01.2023-ലെ സ.ഉ.(സാധ.) നം.13/2023/കാ.യു.വ. പ്രകാരം 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ശ്രീ. |

| | | | |
|---|---|---|---|
| | | | അബ്ദുൾ ഷെരീഫ്, കാസർഗോഡ് എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ ഗ്രൗണ്ട് ഡെവലപ്മെന്റ്, ഇൻഡോർ കോർട്ട്, റീട്ടെനിംഗ് വാൾ, നടപ്പാത, ഇൻറർലോക്ക്, ഓപ്പൺ സ്റ്റേജ്, ഡ്രെയിൻ, ബോർവെൽ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 35% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 മേയ് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br><br>3. കൂത്ത് പറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ചിറ്റാരിത്തോട് ഓപ്പൺ ജിം & പാർക്ക് നിർമ്മാണ പ്രവൃത്തിക്കായി 28.03.2025-ലെ LSGD/JD/KNR/943/2025-F2 നമ്പർ ഉത്തരവ് പ്രകാരം എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതി കണ്ണൂർ ജില്ലാ കളക്ടർ നൽകിയിരുന്നു. 37.34 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ശ്രീ. സി.എച്ച്. അസ്കർ, കണ്ണൂർ എന്ന കരാറുകാരനുമായി 29.68 ലക്ഷം രൂപയ്ക്ക് കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2026 മേയ് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br><br>4. കൂത്തുപറമ്പ് മണ്ഡലത്തിലെ പാട്ടിയം ഗ്രാമപഞ്ചായത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ നിർമ്മാണ പ്രവൃത്തിക്കായി 14.10.2025-ലെ സ.ഉ. (സാധാ.) നം. 260/2025/കാ.യു.വ. പ്രകാരം 100.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 84.45 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. പ്രസ്തുത ദർഘാസിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. പ്രവാഹ് ഇൻഫ്രാടെക് എൽ.എൽ.പി എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മേൽ പരാമർശിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കുമോ? | (ബി) | കൂത്തപറമ്പ് മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>1. കൂത്തുപറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 12.10.2022-ലെ സ.ഉ.(സാധാ.) നം.258/2022/ കാ.യു.വ. പ്രകാരം 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. 17.10.2023 തീയ്യതിയിൽ ദർഘാസ് ക്ഷണിക്കുകയും, ആയതിൽ യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സി.എൽ. മുഹമ്മദ് ഹനീഫ്, കാസർകോഡ് എന്ന കരാറുകാരനുമായി 20.01.2024 തീയ്യതിയിൽ 4,29,55,589/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ടി പദ്ധതിയിൽ പ്രധാനമായും ഇൻഡോർ സ്റ്റേഡിയം, റീട്ടൈനിംഗ് വാൾ, ഇൻഡോർ സ്റ്റേഡിയത്തിലേക്കുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിൽ 90% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 ഫെബ്രുവരി മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br><br>2. കൂത്തുപറമ്പ് മണ്ഡലത്തിലെ ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 04.01.2023-ലെ സ.ഉ.(സാധ.) നം.13/2023/കാ.യു.വ. പ്രകാരം 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ശ്രീ. അബ്ദുൾ ഷെരീഫ്, കാസർഗോഡ് എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ ഗ്രൗണ്ട് ഡെവലപ്മെന്റ്, ഇൻഡോർ കോർട്ട്, റീട്ടൈനിംഗ് വാൾ, നടപ്പാത, ഇൻറർലോക്ക്, ഓപ്പൺ സ്റ്റേജ്, ഡ്രെയിൻ, ബോർവെൽ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 35% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 മേയ് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br><br>3. കൂത്ത് പറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ചിറ്റാരിത്തോട് ഓപ്പൺ ജിം & പാർക്ക് നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവൃത്തിക്കായി 28.03.2025-ലെ LSGD/JD/KNR/943/2025-F2 നമ്പർ ഉത്തരവ് പ്രകാരം എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതി കണ്ണൂർ ജില്ലാ കളക്ടർ നൽകിയിരുന്നു. 37.34 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ശ്രീ. സി.എച്ച്. അസ്കർ, കണ്ണൂർ എന്ന കരാറുകാരനുമായി 29.68 ലക്ഷം രൂപയ്ക്ക് കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2026 മേയ് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br><br>4. കൂത്തുപറമ്പ് മണ്ഡലത്തിലെ പാട്ടിയം ഗ്രാമപഞ്ചായത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ നിർമ്മാണ പ്രവൃത്തിക്കായി 14.10.2025-ലെ സ.ഉ. (സാധാ.) നം. 260/2025/കാ.യു.വ. പ്രകാരം 100.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 84.45 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. പ്രസ്തുത ദർഘാസിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. പ്രവാഹ് ഇൻഫ്രാടെക് എൽ.എൽ.പി എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മേൽ പരാമർശിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ